**പതിനാലാം കേരള നിയമസഭ**

**ഒൻപതാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 1434 — 30.01.2018 ൽ മറുപടിയ്ക്ക്

## കൊയ് ലാണ്ടി മണ്ഡലത്തിലെ സുനാമി വീടുകൾ

| ചോദ്യം<br>ശ്രീ.കെ.ദാസൻ | | മറുപടി<br>ശ്രീ.ഇ.ചന്ദ്രശേഖരൻ<br>റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി |
|---|---|---|
| (എ) കൊയ് ലാണ്ടി മണ്ഡലത്തിലെ ചെങ്ങോട്ട് കാവ്, ചേമഞ്ചേരി പഞ്ചായത്തുകളിലെ സുനാമി വീടുകൾ വിതരണം ചെയ്യുന്ന നടപടിയുടെ പുരോഗതി വിശദമാക്കുമോ; | (എ) | ചേങ്കോട്ടുകാവ് പഞ്ചായത്തിൽ 28 വീടുകളും ചേമഞ്ചേരി പഞ്ചായത്തിൽ 25 വീടുകളുമാണ് സുനാമി പദ്ധതി പ്രകാരം നിർമ്മിച്ചിരിക്കുന്നത്. ചേങ്കോട്ടുകാവ് പഞ്ചായത്തിൽ നിർമ്മിച്ച 28 വീടുകളിൽ 27 വീടുകൾ ഗുണഭോക്താക്കൾക്ക് അനുവദിച്ചിട്ടുണ്ട്. ചേമഞ്ചേരി വില്ലേജിൽ നിർമ്മിച്ച 25 വീടുകളിൽ 20 വീടുകൾ 08.01.2018 ലെ സ.ഉ.(സാധാ നമ്പർ)91/2018/റവ. ഉത്തരവ് പ്രകാരം ഗുണഭോക്താക്കൾക്ക് അനുവദിച്ചു കൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്. ശേഷിക്കുന്ന വീടുകൾ സുനാമി ഗുണഭോക്താക്കളുടെ അഭാവത്തിൽ ലൈഫ് മിഷൻ പദ്ധതി പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുള്ള അർഹതപ്പെട്ട ഗുണഭോക്താക്കൾക്ക് അനുവദിക്കുന്നതിന് ജില്ലാകളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) ജില്ലാതലത്തിലുള്ള കമ്മിറ്റി സർക്കാരിലേയ്ക്കയച്ച ശുപാർശയിൻ മേൽ എന്തു നടപടി സ്വീകരിച്ചു എന്നത് വിശദമാക്കാമോ; അർഹതപ്പെട്ട ആളുകൾക്ക് വീടുകൾ അടിയന്തിരമായി വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ; | (ബി) | ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റി സർക്കാരിലേയ്ക്കയച്ച പ്രൊപ്പോസലിൽ ശുപാർശ ചെയ്ത 20 ഗുണഭോക്താക്കൾക്ക് വീട് അനുവദിച്ചുകൊണ്ട് 08.01.2018 ലെ സ.ഉ. (സാധാ) നമ്പർ91/18/റവ. പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. ഗുണഭോക്താക്കൾക്ക് നറുക്കെടുപ്പിലൂടെ വീടുകൾ കൈമാറുന്നതിന് ചേമഞ്ചേരി ഗ്രാമ പഞ്ചായത്ത് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ